പുനരധിവാസ പ്രവർത്തനങ്ങൾക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ ഒക്യുപ്പേഷണൽ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയതോടെ 13 താലൂക്കാശുപത്രികളിൽ സൈക്യാട്രിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ മാനസിക രോഗ ചികിത്സാ സൗകര്യം ഘട്ടംഘട്ടമായി ഏർപ്പെടുത്തും.

പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി

11 (*521) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു:
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം ഓരോ ജില്ലയിലും 2009 -10 വർഷത്തിൽ എത്ര വ്യവസായ യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഈ വ്യവസായ യൂണിറ്റുകളിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞവ എത്രയെണ്ണം വീതമാണെന്ന് വ്യക്തമാക്കുമോ ; ഇവയിൽ വനിതാ വ്യവസായ യൂണിറ്റുകൾ എത്ര വീതമുണ്ട് ;

(സി) പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം):

(എ) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി പ്രകാരം 2009-10 വർഷത്തിൽ, പുനഃരുദ്ധാരണത്തിനായി കണ്ടെത്തിയ വ്യവസായ യൂണിറ്റുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ താഴെ പറയുന്നു.

	ജില്ല	എണ്ണം
	(1)	(2)
1.	തിരുവനന്തപുരം	20
2.	കൊല്ലം	28
3.	പത്തനംതിട്ട	20
4.	ആലപ്പുഴ	39
5.	കോട്ടയം	19
6.	ഇടുക്കി	22
7.	എറണാകുളം	23

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)
8.	തൃശൂർ	46
9.	പാലക്കാട്	190
10.	മലപ്പുറം	33
11.	കോഴിക്കോട്	20
12.	വയനാട്	8
13.	കണ്ണൂർ	49
14.	കാസർഗോഡ്	2
	ആകെ	**519**

(ബി) പുനരുദ്ധരിക്കാൻ കഴിഞ്ഞ വ്യവസായ യൂണിറ്റുകളുടെയും പുനരുദ്ധരിക്കപ്പെട്ട വനിതാ വ്യവസായ യൂണിറ്റുകളുടെയും എണ്ണവും താഴെ പറയുന്നു.

	ജില്ല	പുനരുദ്ധരിക്കപ്പെട്ടവ	വനിതാ യൂണിറ്റ്
1.	തിരുവനന്തപുരം	11	0
2.	കൊല്ലം	11	0
3.	പത്തനംതിട്ട	6	1
4.	ആലപ്പുഴ	17	0
5.	കോട്ടയം	11	0
6.	ഇടുക്കി	15	4
7.	എറണാകുളം	27	0
8.	തൃശൂർ	36	5
9.	പാലക്കാട്	30	4
10.	മലപ്പുറം	17	1
11.	കോഴിക്കോട്	15	0
12.	വയനാട്	0	0
13.	കണ്ണൂർ	19	2
14.	കാസർഗോഡ്	0	0
	ആകെ	**215**	**17**

LIBRARY ARCHIVES Kerala Legislative Assembly

(സി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Sick Unit Revival Programme-SURP) എന്ന പേരിൽ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ് നിലവിൽ ഉണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നു.

- പീഡിത വ്യവസായങ്ങൾക്കായി മാർജിൻ മണി ലോണുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നൽകപ്പെടുന്നു. (പരമാവധി 2 ലക്ഷം രൂപ വരെ).

- റിവൈവൽ പ്രോജക്ട് റിപ്പോർട്ട് (RPR) തയ്യാറാക്കുന്നതിന് ഒടുക്കിയ തുകയുടെ 50% സബ്സിഡിയായി നൽകുന്നു. (പരമാവധി 10,000 രൂപ).

- സാങ്കേതിക ഉപദേശത്തിനും ടെക്നോളജിക്കും ചെലവായ തുകയുടെ 50% ഗ്രാന്റായി നൽകുന്നു. (പരമാവധി 15,000 രൂപ).

- സ്റ്റാർട്ട്-അപ് എക്സ്പെൻസ് ലോൺ ആയി പരമാവധി 2.5 ലക്ഷം രൂപ നൽകുന്നു.. (മാർജിൻ മണി ലോണും സ്റ്റാർട്ട്-അപ് എക്സ്പെൻസും കൂടി മൂന്ന് ലക്ഷം രൂപയിൽ കൂടരുത് എന്ന വ്യവസ്ഥയോടെ).

- റവന്യൂ റിക്കവറി നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിലും അത് ഒരു വർഷത്തേയ്ക്കോ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ നിർത്തിവയ്ക്കുന്നതാണ്.

ഹോംകോയുടെ പ്രവർത്തനങ്ങൾ

12 (*522) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോമിയോ ചികിത്സാ സംവിധാനത്തിൻ കീഴിൽ ഔഷധ നിർമ്മാണരംഗത്ത് ഹോംകോ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(ബി) ഹോംകോയുടെ കീഴിൽ സ്ഥാപിക്കുന്ന ഹോമിയോ മരുന്നു കമ്പനി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ;

(സി) പുതിയ ഫാർമസി കോളേജ് തുടങ്ങുന്നതിനായി ഹോംകോ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ അദ്ധ്യയന വർഷത്തിൽ ഫാർമസി കോളേജിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly